പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2562** — **19.03.2015** ൽ മറുപടിക്ക്

**താനൂർ തീരപ്രദേശത്ത് കടൽഭിത്തി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി)** |
| (എ) താനൂർ നിയോജകമണ്ഡലത്തിലെ തീരപ്രദേശത്ത് കഴിഞ്ഞ കാലവർഷത്തിൽ കനത്ത കടലാക്രമണമുണ്ടായി നാശനഷ്ടങ്ങൾ സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ പ്രദേശത്ത് നിരന്തരമായുണ്ടാകുന്ന കടൽക്ഷോഭം മൂലം ഉള്ള നാശനഷ്ടങ്ങൾ നേരിടുന്നതിന് കടൽഭിത്തി കെട്ടി സംരക്ഷിക്കുന്ന ജോലി ഏത് ഘട്ടത്തിലാണ്; | (ബി) താനൂർ മണ്ഡലത്തിലെ തീരപ്രദേശത്ത് കടൽഭിത്തി കെട്ടുന്ന പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്.<br>1) പണ്ടാര കടപ്പുറത്ത് സംസ്ഥാന ഫണ്ടിൽ ഉൾപ്പെട്ട ഒരു പ്രവൃത്തി 75% പൂർത്തിയായി.<br>2) 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെട്ട ഒരു പ്രവൃത്തി പണ്ടാര കടപ്പുറത്ത് 90% പൂർത്തിയായി.<br>3) 13-ാം ധനകാര്യ കമ്മീഷനിലും, സംസ്ഥാന ഫണ്ടിലും ഉൾപ്പെട്ട ഓരോ പ്രവൃത്തികൾ പൂർത്തിയായി കഴിഞ്ഞു. |
| (സി) താനൂർ നിയോജക മണ്ഡലത്തിൽ ഏതെല്ലാം ഭാഗങ്ങളിലാണ് കടൽഭിത്തി ആവശ്യമുള്ളതെന്ന് നിർണ്ണയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;<br>(ഡി) ഇവ എത്രയും പെട്ടെന്ന് പണിയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ? | (സി) & (ഡി) താനൂർ മണ്ഡലത്തിൽ നിറമരുതൂർ പഞ്ചായത്തിൽ 1400 മീറ്റർ നീളത്തിലും, താനൂർ പഞ്ചായത്തിലെ ചീരാൻ കടപ്പുറത്ത് 118 മീറ്റർ നീളത്തിലും, എടക്കടപ്പുറത്ത് 360 മീറ്റർ നീളത്തിലും കടൽ ഭിത്തി കെട്ടേണ്ടതുണ്ട്. ഈ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ